ട്രാവൻകൂർ റയോൺസ് നൽകാനുള്ള കുടിശ്ശിക

31 [3436] ശ്രീ. എ. കെ. മണി:
ശ്രീമതി മേഴ്സി രവി:
ശ്രീ. എൻ. ഡി. അപ്പച്ചൻ:
„ ടി. എൻ. പ്രതാപൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രാവൻകൂർ റയോൺസ് ലേ ഓഫ് ചെയ്തിട്ട് എത്ര കാലമായി എന്ന റിയിക്കുമോ;

(ബി) ലേ ഓഫ് ചെയ്യുമ്പോൾ വൈദ്യുതി ചാർജ്, സെയിൽസ് ടാക്സ് എന്നീ ഇനങ്ങളിൽ എന്തു തുക വീതം ലഭിക്കാനുണ്ടായിരുന്നു;

(സി) പ്രസ്തുത കമ്പനിക്ക് ഗവൺമെന്റ് ഗ്യാരന്റി നിന്ന വകയിൽ എന്തു തുകയുടെ കുടിശ്ശിക വരുത്തിയിരുന്നു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 17-7-2001 മുതൽ ട്രാവൻകൂർ റയോൺസ് ലേ ഓഫിലാണ്.

(ബി) ലേ ഓഫ് ചെയ്യുമ്പോൾ കമ്പനിയുടെ കണക്ക് പ്രകാരം വൈദ്യുതി ചാർജ് ഇനത്തിൽ 342 ലക്ഷം രൂപയും വിൽപ്പന നികുതി ഇനത്തിൽ 624 ലക്ഷം രൂപയും അടയ്ക്കുവാനുണ്ടായിരുന്നു.

(സി) ട്രാവൻകൂർ റയോൺസിന് ഗവൺമെന്റ് ഗ്യാരണ്ടി നിന്ന വകയിലുള്ള കുടിശ്ശികയുടെ വിശദാംശം ചുവടെ ചേർക്കുന്നു:

ധനകാര്യ സ്ഥാപനങ്ങൾ	..	3133 ലക്ഷം രൂപ
ബാങ്കുകൾ	..	2539 ലക്ഷം രൂപ
കെ. എസ്. ഐ. ഡി. സി.	..	1585 ലക്ഷം രൂപ
ചെത്തു തൊഴിലാളി ക്ഷേമനിധി ബോർഡ്	..	500 ലക്ഷം
ആകെ	..	7757 ലക്ഷം രൂപ

മാന്നാറിലെ അലിൻഡ് സിച്ച് ഗിയർ ഡിവിഷൻ

32 [3437] ശ്രീ. കെ. കെ. ജയചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അടച്ചുപൂട്ടലിന്റെ വക്കിലെത്തി നിൽക്കുന്ന മാന്നാറിലെ അലിൻഡ് സിച്ച് ഗിയർ ഡിവിഷൻ സഹകരണ സംഘത്തിന് കൈമാറാൻ സർക്കാറിന് ഉദ്ദേശ്യമുണ്ടോ;

(ബി) എങ്കിൽ ഇതുമായി ബന്ധപ്പെട്ട് സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) പ്രസ്തുത സ്ഥാപനത്തിൽ എത്ര ജീവനക്കാരാണുള്ളത്?

ഉത്തരം

(എ, ബി) സ്വകാര്യമേഖലയിലുള്ള അലിൻഡ് സിച്ച് ഗിയർ യൂണിറ്റ് 'അലിൻഡി'ന്റെ ഒരു ഡിവിഷൻ മാത്രമാണ്. ഇപ്പോൾ അലിൻഡ് ബി. ഐ. എഫ്. ആർ.-ന്റെ പരിധിക്കുള്ളിൽ വരുന്ന ഒരു സ്ഥാപനമായതുകൊണ്ട് ഈ യൂണിറ്റിനെക്കുറിച്ചുള്ള അന്തിമ തീരുമാനം എടുക്കേണ്ടത് ബി. ഐ. എഫ്. ആർ. ആണ്. എന്നിരുന്നാലും അലിൻഡ് സിച്ച് ഗിയർ ഡിവിഷൻ സഹകരണ സംഘത്തിന് കൈമാറുന്നത് സംബന്ധിച്ച് ഒരു നിർദ്ദേശം സർക്കാരിനു ലഭിച്ചപ്പോൾ ഇതു സംബന്ധിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും കുറെക്കൂടി പ്രവർത്തനോൻമുഖമായതും 'വയബിൾ' ആയിട്ടുള്ളതുമായ ഒരു പ്രോജക്ട് പ്രൊപ്പോസൽ നൽകുവാൻ ആവശ്യപ്പെടുകയുണ്ടായി. ഇതുമായി ബന്ധപ്പെട്ട കാര്യങ്ങളെക്കുറിച്ച് വീണ്ടും ചർച്ച ചെയ്യാനായി ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി അടുത്തുതന്നെ ഒരു യോഗം വിളിച്ചുകൂട്ടുന്നതാണ്.

(സി) ഈ സ്ഥാപനത്തിൽ 253 സ്ഥിരം ജോലിക്കാരും 100-ൽപ്പരം മറ്റ് കാറ്റഗറിയിൽപ്പെട്ട ജീവനക്കാരുമുണ്ട്.

അങ്കമാലി-ചമ്പന്നൂർ ഇൻഡസ്ട്രിയൽ ഡെവലപ്പ്മെന്റ് ഏരിയയിലെ നാശോൻമുഖമായ റോഡുകൾ

33 [3438] ശ്രീ. പി. ജെ. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പിന്റെ കീഴിലുള്ള അങ്കമാലി-ചമ്പന്നൂർ ഇൻഡസ്ട്രിയൽ ഡെവലപ്പ്മെന്റ് ഏരിയായിലെ റോഡുകൾ നാശോൻമുഖമായിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത റോഡുകൾ സഞ്ചാരയോഗ്യമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും ആയത് എന്നേക്ക് പൂർത്തിയാക്കുവാൻ സാധിക്കും എന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പ്രസ്തുത റോഡുകൾ സഞ്ചാരയോഗ്യമാക്കുന്നതിന് സിഡ്കോയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഈ സാമ്പത്തിക വർഷംതന്നെ റോഡ് സഞ്ചാരയോഗ്യമാക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly